# നീതിവിധിയുടെ നോമ്പുകാല ചിന്ത

ഫാ. ആന്റണി ഞള്ളംപുഴ CMI

### നോമ്പുകാലം രണ്ടാം ഞായർ  മത്താ.7/21-27

'ഹെനോക്ക് ദൈവത്തിനു പ്രിയപ്പെട്ടവനായി ജീവിച്ചു'(ഉത്പ. 5:22) ''ഹെനോക്ക് ദൈവത്തിനു പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടിട്ടില്ല; ദൈവം അവനെ എടുത്തു''(ഉത്പ.5:24) ആദം മുതൽ നോഹവരെയുള്ളവരുടെ ദീർഘായുസ്സിന്റെ കഥ പറയുന്ന ഉത്പത്തി അഞ്ചാം അദ്ധ്യായം. തൊള്ളായിരത്തി മുപ്പതുവർഷം ജീവിച്ച ആദവും മുന്നൂറ്റിയറുപത്തഞ്ചുവർഷം മാത്രം ജീവിച്ച ഹെനോക്കും 'ആശ്വാസ' ദായകനായ നോഹും ഇതിലെ പ്രധാന കഥാപാത്രങ്ങളാണ്. ജീവിച്ച വർഷത്തിന്റെ നീളമല്ല മറിച്ച് വർഷിച്ച ജീവിതത്തിന്റെ മഹത്ത്വമാണ് ജീവിതത്തിന്റെ വലിപ്പം എന്ന് അവരുടെയിടയിൽ ഏറ്റവും കുറച്ചുകാലം മാത്രം ജീവിച്ച് (365 വർഷം) ദൈവത്താൽ എടുക്കപ്പെട്ട ഹെനോക്ക് തന്റെ ചെറിയ ജീവിതംകൊണ്ടു കാട്ടിത്തരുന്നു. ഹെനോക്കിന്റെ ജീവിതത്തിന്റെ പ്രത്യേകത അദ്ദേഹം ദൈവത്തിനു പ്രിയപ്പെട്ടവനായി ജീവിച്ചു എന്നതാണ്.

ദൈവത്തിനു പ്രസാദകരമായ ജീവിതം''യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു.'' (ലൂക്കാ. 2:52) ''ഹെനോക്ക് കർത്താവിനെ പ്രീതിപ്പെടുത്തി'' (ലൂക്കാ 2:52), (പ്രഭാ. 44.16). ''മോശ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്കു പാത്രമായി (പ്രഭാ. 4:1). ''ചിലർ ദൈവത്തിനു പ്രീതികരമായി ജീവിച്ചു; മറ്റുള്ളവർ പാപത്തിൽ മുഴുകി'' (പ്രഭാ. 48:16). ''ഹെസക്കിയാ ദൈവത്തിനു പ്രീതികരമായവ പ്രവർത്തിച്ചു.'' (പ്രഭാ. 48:22). ''ബാലനായ സാമുവലാകട്ടെ കർത്താവിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വന്നു.'' (1 സാമു.2:26) ദൈവകരത്തിൻകീഴിൽ ''അവിടുത്തെ കരങ്ങൾ ശക്തമാണ്'' (ജോഷ്വ 4:24) വാഗ്ദാനപേടകവുമായി ജോർദ്ദാൻനദിയിൽ ഏവർക്കും മുമ്പേ ഇറങ്ങുകയും സർവ്വരെയും മറുകര കടത്തിയിട്ട് ഏവർക്കും പിറകെ മാത്രം കരകയറുകയും ചെയ്യുന്ന, മുമ്പിലും പിറകിലുമായിനിന്ന് ദൈവകരത്തിൻകീഴിൽ വഴി നടത്തുന്ന പുരോഹിതദൗത്യം വിവരിക്കുന്നു, ജോഷ്വാ നാലാം അദ്ധ്യായം.

'ദൈവത്തിന്റെ കൈയിലെ ഒരു പെൻസിൽ മാത്രമാണു ഞാൻ; ദൈവമാണ് അതുകൊണ്ടെഴുതുന്നത്' എന്നു പറഞ്ഞ മദർ തെരേസയുടെ ജീവിതത്തിലെ ഒരു സംഭവം ശ്രദ്ധേയമാണ്. ഒരു സ്ഥലത്ത് ഒരു അനാഥശാല പണിയുവാൻ അവർ ആരംഭിച്ചു. പ്രാരംഭപണികൾ തീർന്നു. കൂടെയുള്ളവർ ചോദിച്ചു, തുടർന്നുള്ള പണിക്കാവശ്യമായ പണമുണ്ടോ? മദർ പോക്കറ്റിൽനിന്നു രണ്ടുരൂപ അവരെ എടുത്തുകാണിച്ചിട്ടു പറഞ്ഞു: ''രണ്ടുരൂപയും ദൈവവുമുണ്ടെങ്കിൽ ഇതും ഇതിലും വലിയ പദ്ധതികളും നടപ്പിലാകും.'' അഞ്ചുരൂപയും ഈശ്വരവിശ്വാസവുമായി വർഷങ്ങൾക്കുമുമ്പേ കൽക്കത്തയുടെ ചേരിയിലിറങ്ങി ചരിത്രം രചിച്ച മദർ തെരേസായുടെ ദൈവപരിപാലന വിളംബരം ചെയ്യുന്ന വാക്കുകൾ. സർക്കസ് കൂടാരത്തിൽ ആർപ്പുവിളിയും കരഘോഷവും. ഉയരത്തിൽ കെട്ടിയ കയറിൽക്കൂടി ഒരു മനുഷ്യൻ നടന്നുപോകുന്നു. മാത്രമല്ല ചുമലിൽ പുഞ്ചിരി തൂകുന്ന ഒരു പെൺകുഞ്ഞും. അഭ്യാസം കഴിഞ്ഞപ്പോൾ യാതൊരു ഭയവുമില്ലാതെ ആ അഭ്യാസിയുടെ തോളിലിരുന്ന ബാലികയുടെ ധൈര്യത്തെ ഏവരും പുകഴ്ത്തി. അവർ ചോദിച്ചു: ''കുഞ്ഞേ നിനക്കെവിടെനിന്നു കിട്ടി ഈ ധൈര്യം?''അവൾപറഞ്ഞു: ''ഞാൻ എന്റെ പിതാവിന്റെ തോളിലാണിരുന്നത്.'' കരങ്ങൾ കുറുകാത്തവന്റെ കരങ്ങളിൽ പ്രശ്നങ്ങൾ ഇറക്കി വയ്ക്കാം. തളർവാതരോഗിയെ ഓടിളക്കി ഇറക്കിവച്ചത് യേശുവിന്റെ മുമ്പിലാണ്. ദൈവസന്നിധിയിൽ, ദൈവകരങ്ങളിൽ എല്ലാം സമർപ്പിക്കാം. യേശുപറഞ്ഞു: ''പിതാവേ, നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു.''ദൈവകൃപയുടെ കീഴിൽ ദൈവകൃപയുടെ കീഴിൽ, തണലിൽ കഴിയുന്നവരാണ് നാം എന്ന വലിയ ബോദ്ധ്യം പൗലോസ്ശ്ലീഹാ തരുന്നു. തുടർന്നു പാപത്തിന്റെ അടിമത്തവും ദൈവത്തിന്റെ അടിമത്തവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിത്തരുന്നു. പാപവഴികളിൽ നടന്നിട്ട് എന്തു ഫലം കിട്ടിയെന്നു പൗലോസ് ചോദിക്കുന്നു. പാപം മരണമാണെന്നുള്ള വലിയ ബോദ്ധ്യവും പൗലോസ്തരുന്നു. പാപം=മരണം (പാപാവസ്ഥ മൃതാവസ്ഥ) ''പാപത്തിന്റെ വേതനം മരണമാണ്'' (റോമാ 6:22) ''വൃക്ഷത്തിന്റെ ഫലം തിന്നുന്ന ദിവസം നീ മരിക്കും.'' (ഉത്പ. 2:17) ''ജീവിതത്തിലെ തെറ്റുകൾകൊണ്ടു മരണത്തെ ക്ഷണിച്ചുവരുത്തരുത്; സ്വന്തം പ്രവൃത്തികൊണ്ടു നാശത്തെയും'' (ജ്ഞാനം1:12) ''അധർമ്മികൾ വാക്കും പ്രവൃത്തിയുംവഴി മരണത്തെ ക്ഷണിച്ചുവരുത്തി'' (ജ്ഞാനം 1:16).''അവൻ മൃതനായിരുന്നു, ഇപ്പോൾ ജീവിക്കുന്നു.'' (ലൂക്കാ 15:24) ''നിങ്ങൾ പാപം നിമിത്തം മൃതരും ദുർവാസനകളുടെ പരിച്ഛേദനം നിർവഹിക്കാത്തവരുമായിരുന്നു''-(കൊളോ.2:13).''പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെജനിപ്പിക്കുന്നു''(യാക്കോ1:15).''ജീവനുണ്ട് എന്നു നീ പറയുന്നു. പക്ഷേ, നീ മൃതനാണ്.''(വെളി.3:1) ''പാപം ചെയ്യുന്നവന്റെ ജീവൻ നശിക്കും'' (എസെക്കിയേൽ 18:4).''നിങ്ങളുടെ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു.

എന്തെന്നാൽ, ഞാൻ ഞാൻ തന്നെ, എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ മരിക്കും'' (യോഹ. 8:24,8:28).ദൈവമക്കളുടെ സ്വാതന്ത്ര്യം പാപത്തിന്റെ അടിമകളായി മൃതാവസ്ഥയിൽ കഴിയാതെ ദൈവത്തിന്റെ അടിമകളായി സ്വാതന്ത്ര്യത്തിൽ കഴിയാൻ ശ്ലീഹാ പ്രേരിപ്പിക്കുന്നു. ആഫ്രിക്കയിൽ (1867-ൽ) ഒരു ചന്തയിൽ ലേലത്തിനായി നിർത്തിയിരുന്ന സൂസി, ചൂമ എന്നീ പെൺകുട്ടികളെ കണ്ട് അവരോടു ദയ തോന്നി ഒരു സായ്പ് വന്ന് അവരെ വിലകൊടുത്തു വാങ്ങി. അദ്ദേഹത്തിന്റെ പേര് ഡേവിഡ് ലിവിംഗ്സ്റ്റൺ എന്നായിരുന്നു. ഇംഗ്ലണ്ടിൽനിന്ന് ആഫ്രിക്കയിലേക്കു വന്ന മിഷനറി. അദ്ദേഹം അവരോടു പറഞ്ഞു: ''ഒത്തിരി സ്ത്രീകളെ ഞാൻ ഇതുപോലെ വിലകൊടുത്തുവാങ്ങിയിട്ടുണ്ട്.'' ''വാങ്ങിച്ച പെൺകുട്ടികളെ നിങ്ങൾ ദ്രോഹിച്ചോ?'' ആ പെൺകുട്ടികൾ തിരക്കി. ഡേവിഡ് ലിവിംഗ്സ്റ്റൺ പറഞ്ഞു: ''ഞാൻ ആരെയും ദ്രോഹിച്ചിട്ടില്ല. ഞാൻ അവരെ രക്ഷപ്പെടുത്തുകയായിരുന്നു. നിങ്ങളെ ഞാൻ വിലയ്ക്കു വാങ്ങിയത് നിങ്ങളെ സ്വതന്ത്രരാക്കി വിടുവാനാണ്. നിങ്ങൾ ഇപ്പോൾ സ്വതന്ത്രരാണ്. നിങ്ങൾക്കു പോകാം.'' ആ പെൺകുട്ടികൾ പറഞ്ഞു: 'ഞങ്ങളെ സ്വതന്ത്രരാക്കിയ അങ്ങയിൽ ഞങ്ങൾക്കു പൂർണവിശ്വാസമാണ്. അങ്ങയെ വിട്ടുപോകാൻ അങ്ങു പറയരുത്. ഞങ്ങളുടെ സ്വാതന്ത്ര്യം അങ്ങയെ ശുശ്രൂഷിച്ചുകൊണ്ടു ഞങ്ങൾ ആഘോഷിച്ചു കൊള്ളാം.'' അമേരിക്കൻജനതയെ കണ്ണീരിൽ കുളിപ്പിച്ച് അമേരിക്കയുടെ മഹാനായ പ്രസിഡന്റ് എബ്രാഹം ലിങ്കന്റെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര മുന്നോട്ടു നീങ്ങുന്നു. കരയുന്ന ഒരമ്മയുടെ മടിയിലിരുന്നുകൊണ്ടു കുഞ്ഞ് ചോദിച്ചു: ''അമ്മ എന്തിനാണു കരയുന്നത്?'' ആ അമ്മ പറഞ്ഞു: ''കുഞ്ഞേ, നാം ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യം ആ മനുഷ്യനാണ് നേടിത്തന്നത്.'' യഥാർത്ഥശിഷ്യൻ ''കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക.'' (മത്തായി7:21). ഒരു വർഷത്തെ മാരാമൺ കൺവെൻഷന്റെ സമാപനയോഗത്തിൽ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ഇങ്ങനെ പറഞ്ഞു: ''ഈ വർഷത്തെ മാരാമൺ കൺവെൻഷന്റെ കടശിയോഗത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. അതുകൊണ്ടു കേൾവിയുടെ രാത്രി കഴിഞ്ഞു; പ്രവൃത്തിയുടെ പകലിലേക്കു നാം പ്രവേശിക്കാൻ പോകുകയാണ്. ഇവിടെ ഇരിക്കുന്നവർ തീരുമാനിക്കുമോ, ദൈവത്തിന്റെ ഇഷ്ടത്തിന് എന്നെ പൂർണമായി സമർപ്പിക്കുന്നു എന്ന്. അങ്ങനെയെങ്കിൽ ചരിത്രം രൂപാന്തരപ്പെടും. കർത്താവിന്റെ ദാസൻ, കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടംപോലെ ഭവിക്കട്ടെ എന്നു പറയുന്ന സമർപ്പണം ഇന്നുണ്ടാവണം.'' ഒരു ബൊളീവിയൻ ക്രിസ്ത്യൻ യുവാവ് (നെസേതാർ പാസ്സ്) ജനങ്ങളുടെ സാമൂഹികവിമോചനം ലക്ഷ്യമാക്കി ഗറില്ലാകളോടൊപ്പം വനാന്തരങ്ങളിൽ ജീവിച്ചു മരിച്ച സംഭവകഥയുണ്ട്. മരണത്തിനുമുമ്പ് തന്റെ ഡയറിയിൽ ആ യുവാവ് അവസാനമായി കുറിച്ചത് ഇങ്ങനെയായിരുന്നു: ''ദൈവമേ എല്ലാ കാര്യത്തിലും വിശ്വസ്തനായിരിക്കുവാൻ ഞാൻ ആഗ്രഹിച്ചു എന്നു നീ

അറിയുന്നു. ദൈവമേ, എന്റെ അയൽക്കാരന്റെ പ്രശ്നം പരിഹരിക്കുന്നതിലുള്ള ജാഗ്രതയാണ് സ്നേഹം എന്നു ഞാൻ കരുതുന്നു. ജീവിതം അർത്ഥവത്തായിരിക്കുന്നിടത്തോളം ഒരു മരണവും ശൂന്യമല്ല. കർത്താവേ, ഞാൻ വിടവാങ്ങട്ടെ. നിന്റെ സ്വർഗ്ഗത്തിൽ ചേരുംവരെ.'' ''നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ നിങ്ങൾ അകന്നു പോകുവിൻ.''(മത്താ.7:23).''ഞാൻ നിങ്ങളെ അറിയുകയില്ല.'' (മത്തായി 25/13). നീതി അടുപ്പമുണ്ടാക്കുന്നു. അനീതി അകലംസൃഷ്ടിക്കുന്നു. മനുഷ്യരോടു നീതി ചെയ്യുന്നവൻ മനുഷ്യരോട് അടുപ്പമുള്ളവരാണ്. അവരോട് ദൈവവും അടുത്തുവരുന്നു. അനീതി മനുഷ്യരെ അകറ്റി നിർത്തുന്നതാണ്. മനുഷ്യരെ അകറ്റിനിർത്തുന്നവരുടെ അരികിൽനിന്നു ദൈവവും അകന്നുപോകുന്നു. നമുക്കു ദൈവത്തെ അറിയാനും ദൈവത്തിനു നമ്മെ അറിയാനുമുള്ള വഴി പരിഗണനയുടെ വഴിയാണ്, ദാനധർമ്മത്തിന്റെ വഴിയാണ്. അപ്പോൾ നീതിമാന്മാർ ഇങ്ങനെ മറുപടി പറയും: കർത്താവേ, നിന്നെ വിശക്കുന്നവനായിക്കണ്ട് ഞങ്ങൾ ആഹാരം നല്കിയതും ദാഹിക്കുന്നവനായിക്കണ്ട് കുടിക്കാൻ നല്കിയതും എപ്പോൾ? നിന്നെ ഞങ്ങൾ രോഗാവസ്ഥയിലോ കാരാഗൃഹത്തിലോ കണ്ടു സന്ദർശിച്ചത് എപ്പോൾ? രാജാവു മറുപടി പറയും : സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തുതന്നത്.''(മത്താ. 2537-40) നീതി ചെയ്തവരോടു (ദരിദ്രരോട് അടുപ്പവും ആദരവും കാട്ടിയവരോട്) ദൈവവും അടുപ്പം കാട്ടുന്നു ''എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ'' (മത്താ. 25:34). ജീവിതസായന്തനത്തിൽ നീ വിലയിരുത്തപ്പെടുക നീ വർഷിച്ച സ്നേഹത്തിന്റെ പേരിലായിരിക്കും എന്ന കുരിശിന്റെ വിശുദ്ധ യോഹന്നാന്റെ വചനവും ഓർക്കാം.

കുട്ടി അമ്മയോട്: അമ്മേ, ഇന്നു ക്രിസ്മസ് അല്ലേ? എനിക്കു സമ്മാനമൊന്നുമില്ലേ? അമ്മ നിസ്സഹായതയോടെ കുഞ്ഞിനെ നോക്കി. ''അമ്മേ എനിക്കു പുൽക്കൂട് ഉണ്ടാക്കണം.'' വീണ്ടും കുട്ടി: ''വല്ലാത്ത വിശപ്പ്, അല്പം ഭക്ഷണമെങ്കിലും.'' ഏങ്ങലടിച്ച് അമ്മ പറഞ്ഞു: ''മോനേ, നമുക്കു തരുവാനുള്ളത് ദൈവം ആരെയോ ഏല്പിച്ചിരിക്കുന്നു, പക്ഷേ, അവർ നമ്മെ മറന്നുപോയി.'' ''അതിന്റെ വീഴ്ച വലുതായിരുന്നു.'' (മത്താ. 7:27) രണ്ടുതരം ഭവനനിർമ്മാണത്തെപ്പറ്റിയും ഇന്നത്തെ സുവിശേഷചിന്തയിലാണ്. ഒന്ന് പൂഴിയിലും ഒന്നു പാറയിലും. പാറയിലുള്ളത് വീണില്ല. പൂഴിയിലുള്ളതു വീണുപോയി. അതിന്റെ വീഴ്ചയെ 'വലിയ വീഴ്ച' യെന്നു വിശേഷിപ്പിക്കുന്നു. വലിയ വീഴ്ചകൾ ഒഴിവാക്കാൻ വലിയ കരുതലുകൾ ആവശ്യമാണെന്നു തിരുവചനം ഓർമ്മപ്പെടുത്തുന്നു. 'വലിയ വീഴ്ചകൾ' ഉണ്ടാകാതിരിക്കാൻ ദൈവവുമായി വലിയ ബന്ധം, നല്ല ബന്ധം ഉണ്ടാകേണ്ടതുണ്ട്. ഒരു കുട്ടി പട്ടം പറത്തുകയാണ്. ഉയർന്നു പറന്നപട്ടം ഒരുവട്ടം ആഗ്രഹിച്ചു. ഈ നൂലൊന്നു പൊട്ടിയിരുന്നെങ്കിൽ എനിക്ക് ഇനിയും ഉയരങ്ങളിലേക്ക്

ഉയരാമായിരുന്നു. ഈ നൂലാണ് തടസ്സം. അപ്പോൾ എങ്ങനെയോ നൂലുപൊട്ടി. എന്നാൽ, പട്ടം ആകാശത്തേക്ക് ഉയർന്നില്ല. പട്ടം വട്ടംകറങ്ങി താഴേക്കു വീണു. പട്ടത്തെ പറക്കുവാൻ സഹായിച്ചത് നൂലുമായുള്ള അതിന്റെ ബന്ധമായിരുന്നു.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# വചനമനുസരിച്ച് ജീവിക്കുന്നവരാകാം

ഫാ. ജോർജ് ദാനവേലിൽ

ദൈവ വചനം കേൾക്കാനായി വചനപ്രഘോഷണ വേദിക ളിലും കൺവൻഷൻ പന്തലു കളിലും പലപ്പോഴും പതിനായിര ങ്ങൾ തടിച്ചുകൂടാറുണ്ട്. അൻപതിനായിരവും അറുപതിനായി രവും ജനങ്ങൾ പങ്കെടുക്കുന്ന കൺവൻഷനുകൾ ഈ കൊച്ചുകേരളത്തിൽപ്പോലും നടത്തപ്പെടു ന്നതായി പല സംഘാടകരും അവകാശപ്പെടാറുണ്ട്. കേരളത്തിലെ വിവിധ ധ്യാനകേന്ദ്രങ്ങളിൽ നിന്ന് ധ്യാനത്തിൽ പങ്കുചേർന്ന് നവീകരണാനുഭവവുമായി ഒരാഴ്ചയിൽ പുറത്തുവരുന്ന ക്രൈസ്തവരുടെ എണ്ണം തന്നെ ഇരുപതിനായിരത്തോളമാണ്. എന്നിട്ടും എന്തുകൊണ്ട് ഇതിനനു സരിച്ചുള്ള മാറ്റം സമൂഹത്തിലും കുടുംബങ്ങളിലും ഉണ്ടാകുന്നില്ല? മുടക്കമില്ലാത്ത പ്രാർത്ഥനകളും മുടങ്ങുന്ന നീതിബോധവുമുള്ള സമൂഹമാണ് കേരള ക്രൈസ്തവസമൂഹമെന്ന ആക്ഷേപം എന്തുകൊണ്ടാണ് നമുക്ക് ഏറ്റുവാങ്ങേണ്ടി വരുന്നത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം വി.മത്തായിയുടെ സുവിശേഷത്തിലൂടെ സഭ നമുക്ക് വ്യക്തമാക്കിത്തരുന്നു. കേൾക്കുന്ന വചനത്തെ ജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയാതെ മുമ്പോട്ടുപോകുന്നവർക്ക് നേരി ടേണ്ടിവരുന്ന അപകടത്തെക്കുറിച്ചാണ് സുവിശേഷം വിശദമാക്കുക. ആരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ അർഹതനേടുന്നത് എന്ന് ഈശോ വ്യക്തമാക്കുന്നു. കർത്താവേ, കർത്താവേ എന്നു വിളിക്കുന്നതല്ല പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതാണ് സ്വർഗ്ഗരാജ്യപ്രവേശനത്തിനുള്ള അടിസ്ഥാനമാനദണ്ഡം എന്നാണ് ഈശോ പഠിപ്പിക്കുക.

പലസ്തീനായിലെ സാധാരണജീവിതപശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിലാണ് വീടുപണി യുന്ന ഭോഷനായ ഒരു മനുഷ്യന്റെയും വിവേകമതിയായ മറ്റൊരുവന്റെയും ഉപമ ഈശോപറയുക. പലസ്തീനായിലെ മണൽ പ്രദേശങ്ങളിൽ കെട്ടിയുയർത്തുന്ന സാധാരണ വീടുകളിൽ കഴിഞ്ഞി രുന്ന സാധാരണക്കാരായ മനുഷ്യർ ഒക്ടോബർ-നവംബർ മാസങ്ങളിൽ ചീറിയടിക്കുന്ന കാറ്റിൽ നിന്നും മഴയിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷനേടായി വീടുപേക്ഷിച്ച് സുരക്ഷിതസ ങ്കേതങ്ങളിലേക്കു പോകുന്നു. പിന്നിട് ഇവർ തിരിച്ചുവരുമ്പോൾ കാണുന്ന കാഴ്ച തകർന്നടിഞ്ഞു കിടക്കുന്ന ഇവരുടെ വീടുകളായിരിക്കും. എന്നാൽ ഈ കാറ്റിനെയും മഴയെയുമെല്ലാം അതിജീ

വിച്ച് ഉറപ്പുള്ള സ്ഥലത്ത് പണിതീർത്ത വീടുകൾ തലയുയർത്തി നില്ക്കുന്നതും അവി ടുത്തെസാധാരണ കാഴ്ചയായിരുന്നു. ഈ പശ്ചാത്തലമാണ് തന്റെ വാക്കുകേട്ട് അതനുസരിച്ച് പ്രവർത്തിക്കുന്നവരെയും പ്രവർത്തിക്കാത്തവരെയും വിശദീകരിക്കാൻ ഈശോ ഉപയോഗിക്കുക.

ഉപമയിലെ വിവേകിയായ മനുഷ്യൻ തന്റെ ഭവനത്തിന് ആഴത്തിൽ കുഴികുഴിച്ച് അടിസ്ഥാന മുറപ്പിക്കാൻ ശ്രമിക്കുന്നു. ഈ മനുഷ്യൻ ഭാവിയിൽ സംഭവിക്കാവുന്ന അപകടത്തെ മുന്നിൽ കാണുന്ന മനുഷ്യനാണ്. എന്നാൽ അവിവേകിയായ മനുഷ്യൻ ആഴത്തിൽ അടിസ്ഥാനമിടാനുള്ള ക്ഷമയോ അദ്ധ്വാനമോ പ്രകടിപ്പിക്കുന്നില്ല. ഉറപ്പുള്ള അടിസ്ഥാനമില്ലതെ മണലിൽ പണിതു യർത്തുന്ന വീട് കാഴ്ചയിൽ കഷ്ടങ്ങളും നഷ്ടങ്ങളും സഹിച്ച് ഏറെ സമയവും അദ്ധ്വാനവും ചെലവഴിച്ച് പാറമേൽ അടിസ്ഥാനമിട്ട് പണിത വീടുപോലെ ഭംഗിയുള്ളതാകാം. ഈ രണ്ടുതരം വീടുകൾ തമ്മിലുള്ള വ്യത്യാസമെന്തെന്ന് പലർക്കും പെട്ടെന്ന് മനസ്സിലാക്കാൻ സാധിച്ചന്നും വരി ല്ല. എന്നാൽ അവയുടെ ബലവും സുരക്ഷിതത്വവും കാറ്റും മഴയും വെള്ളപ്പൊക്കവുമെല്ലാം ഉണ്ടാ കുമ്പോഴാണ് മനസ്സിലാക്കാൻ കഴിയുക. അടിസ്ഥാനമില്ലാത്തതിനാൽ മണലിൽ പണിത വീടിനെ കാറ്റ് വീഴ്ത്തുകയും വെള്ളപ്പാച്ചിലിൽ അത് ഒഴുകിപ്പോകുകയും ചെയ്യുന്നു. ഇതുപോലെ ആദ്ധ്യാ ത്മിക ജീവിതത്തിലും സംഭവിക്കാം. ഭക്തിയുടെ മുഖംമൂടിയണിഞ്ഞ് കേൾക്കുന്ന വചനം ജീവിത ത്തിൽ പ്രായോഗികമാക്കാൻ ശ്രമിക്കാത്തവർ പ്രയാസങ്ങളുടെയും പരീക്ഷണങ്ങളുടെയും കൊടുങ്കാറ്റും പേമാരിയും ആഞ്ഞടിക്കുമ്പോൾ മണലിൽ പണിതുയർത്തിയ വീടുപോലെ വീണു പോകുമെന്നാണ് ഈശോ പഠിപ്പിക്കുക.

ഈശോ നല്കിയ ഈ ഉപമ നമുക്ക് നമ്മുടെ വ്യക്തിജീവിതത്തെക്കുറിച്ചും കുടുംബജീവിത ത്തെക്കുറിച്ചും ചിന്തിക്കാൻ കാരണമാകേണ്ടതാണ്. അതാണ് നോമ്പുകാലത്തിലെ രണ്ടാം ഞായ റാഴ്ച ഈ സുവിശേഷഭാഗം നമ്മുടെ വിചിന്തനത്തിനായി തരുന്നതിലൂടെ സഭ നമ്മിൽ നിന്നും പ്രതീക്ഷിക്കുക. നമ്മുടെ ഭവനം എന്നത് സിമന്റും ഇഷ്ടികയും മണലും എല്ലാം ചേർത്ത് നിർമ്മിച്ച ഒരു കെട്ടിടമല്ല. അപ്പനും അമ്മയും മക്കളും എല്ലാംവരും കൂടിച്ചേരുന്നതാണ് നമ്മുടെ ഭവനം. ഈ ഭവനത്തെയും നമ്മുടെ വ്യക്തിജീവിതത്തെത്തന്നെയും തകർക്കുന്ന പലതും മഴയുടെയും കാറ്റി ന്റെയും വെള്ളപ്പൊക്കത്തിന്റെയും രൂപത്തിൽ ഇന്നും ആഞ്ഞടിക്കാം.ഇത് ഒരു പക്ഷേ സാമ്പത്തി കത്തകർച്ചയാവാം, രോഗങ്ങളാവാം, പലവിധ പരായങ്ങളാവാം, മറ്റുള്ളവർ നമുക്കെതിരെ നട ത്തുന്ന അപവാദപ്രചാരണങ്ങളാവാം വിശ്വാസത്തിന്റെ പേരിൽ നേരിടേണ്ടിവരുന്ന സഹനങ്ങളാകാം ഇവിടെയൊക്കെ നാമും നമ്മുടെ കുടുംബങ്ങളും തകരാതിരിക്കേണ്ടതുണ്ട്. ഈ തകർച്ച നേരിടാതിരിക്കാനാണ് തന്റെ വാക്കനുസരിച്ച് ജീവിക്കാൻ ഈശോ ആവശ്യപ്പെടുക. 'ക്രിസ്തു ഈ വീടിന്റെ നായകൻ' എന്ന് പല ഭവനങ്ങളിലും എഴുതിവച്ചിട്ടുണ്ടാവാം. ഇങ്ങനെ എഴുതിയതുകൊണ്ടു മാത്രമായില്ല ആ വീടിന്റെ എല്ലാ കാര്യങ്ങളിലും നായകസ്ഥാനം

ഈശോയ്ക്കു വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. അപ്പോൾ കനത്തപരാജയങ്ങളുണ്ടാകുമ്പോഴും പരീക്ഷണങ്ങളുടെയും പ്രതിസന്ധികളുടെയുമിടയിലും നഷ്ടധൈര്യരാകാതെ പിടിച്ചുനില്ക്കാൻ നമുക്ക് സാധിക്കും. മദ്ധ്യപൂർവ്വദേശങ്ങളിൽ ക്രൈസ്തവവിശ്വാസത്തിന്റെ പേരിൽ ക്രൂരമായ പീഡനങ്ങളിലൂടെ കടന്നുപോകുമ്പോഴും തങ്ങളുടെ വിശ്വാസം ഉപേക്ഷിക്കാൻ തയ്യാറാകാത്തവരെക്കുറിച്ചുള്ള വാർത്തകൾ കേൾക്കുമ്പോൾത്തന്നെ 'ഘർവാപസി' എന്നപേരിൽ വിശ്വാസം ഉപേക്ഷിക്കാൻ ചിലർ തയ്യാറാകുന്നതിന്റെ കാരണവും മറ്റൊന്നല്ലല്ലോ.

വചനം കേൾക്കാനായി ആവേശത്തോടെ പോകുന്ന നമുക്ക് കേൾക്കുന്ന വചനം ജീവിതത്തിൽ എത്രമാത്രം പ്രാവർത്തികമാക്കാൻ സാധിക്കുന്നുണ്ട് എന്നുകൂടി ചിന്തിക്കാം. രോഗത്തിന് ചികിത്സതേടി ഡോക്ടറെ സമീപിച്ചതുകൊണ്ടോ ഡോക്ടർ പറയുന്ന കാര്യങ്ങൾ സശ്രദ്ധം ശ്രവിച്ചതുകൊണ്ടു മാത്രമോ രോഗശമനം ലഭിക്കില്ല, അതിന് ഡോക്ടർ നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കുകകയും വേണം. ദൈവം തന്റെ വചനത്തിൽക്കൂടി നമുക്ക് മനസ്സിലാക്കിത്തരുന്ന കാര്യമനുസരിച്ച് പ്രവർത്തിക്കാൻ നാം തയ്യാറാവുമ്പോഴാണല്ലോ തന്റെ കൃപയിലും കാരുണ്യത്തിലും ദൈവം നമ്മെ പരിപാലിക്കുക. ''നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുക ആത്മവഞ്ചകരാകാതെ അതനുവർത്തിക്കുന്നവർക്കൂടിയാകുവിൻ'' എന്ന യാക്കോബ് ശ്ലീഹായുടെ വാക്കുകൾ (യാക്കോ.1/22)നമ്മുടെ ചെവികളിൽ ഈ നോമ്പുദിനങ്ങളിൽ മുഴങ്ങട്ടെ... സ്വർഗ്ഗരാജ്യപ്രവേശനം ആഗ്രഹിക്കുന്നവരാണ് നാമെങ്കിൽ "എന്റെ കർത്താവേ, എന്റെ കർത്താവേ, എന്ന് എന്നെ വിളിക്കുന്നവനല്ല, എന്റെ സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" എന്ന ഈശോയുടെ വാക്കുകൾ നമുക്കു മറക്കാതിരിക്കാം.



# വിവേകമതിയോ ഭോഷനോ നീ

ഡോ. ജോസഫ് തടത്തിൽ

**അ**തിശയകരവും ആകർഷകവുമായ കാര്യങ്ങൾ ചെയ്യുന്ന വ്യാജപ്രവാചകരുടെ പ്രവാഹം തന്നെയുണ്ടായിരുന്നു ഈശോയുടെ കാലത്ത്. രോഗങ്ങൾ പിശാച് മൂലമെന്നു കരുതപ്പെട്ടിരുന്നതിനാൽ പ്രവാചകരെയും രോഗശാന്തിക്കായി ജനം സമീപിച്ചിരുന്നു. ചിലപ്പോഴെങ്കിലും യഥാർത്ഥ പ്രവാചകരിൽനിന്ന് വ്യാജന്മാരെ തിരിച്ചറിയുക ജനത്തിനു

ദുഷ്കരമായിരുന്നു. സൗഖ്യദായകശക്തി പലപ്പോഴും സത്യസന്ധരെപ്പോലെതന്നെ ദൈവ വിചാരമില്ലാത്തവരും, പ്രയോഗിച്ചിരുന്നതായി 'ഒരിജൻ' സാക്ഷ്യപ്പെടുത്തുന്നു. ഈശോയെ അധരംകൊണ്ടുമാത്രം സേവിച്ച്, അവിടുത്തെ പേരുപയോഗിച്ച് പിശാചുബാധിതരെ സുഖപ്പെടുത്തിയിരുന്നവരുണ്ട്. അവിടുത്തെ പേര് തെറ്റിധാരണാജനകമായി ഉപയോഗിച്ച് സൗഖ്യദായകശക്തി പ്രയോഗിക്കുന്നവരുടെ ലക്ഷ്യം വെളിപ്പെടും; അവർ ദൈവസന്നിധിയിൽ തിരസ്കരിക്കപ്പെടും. അവർചെയ്തെന്നു പറയുന്ന കാര്യങ്ങൾ അവരുടെ ജീവിത മാർഗ്ഗത്തിനോ പ്രശസ്തിക്കോ വേണ്ടി ചെയ്തവയാണ്. ഈശോമിശിഹായാകുന്ന അടിസ്ഥാനത്തിന്മേൽ ഓരോരുത്തരും ചെയ്യുന്ന പണി അഗ്നിയാൽ വെളിവാക്കപ്പെടും(1കൊറി.3:13-15).

ധാർമ്മികതയെയും യുഗാന്തത്തെയും ബന്ധപ്പെടുത്തിയുള്ള വി.മത്തായിയുടെ വീക്ഷണവും ദൈവത്തിന്റെ അന്തിമവിധിവരെ വിശുദ്ധരും പാപികളും ഇടകലർന്നുള്ള ഒരു സമൂഹമാണ് സഭയെന്ന അനുബന്ധദർശനവും ഇന്നത്തെ സുവിശേഷഭാഗത്തു പ്രതിഫലിക്കുന്നുണ്ട്. സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു ജീവിതത്തിനേ വിലയുള്ളൂ. മധുരഭാഷണത്താലോ ആത്മീയപ്രതീതി ജനിപ്പിക്കുന്ന ആകർഷക പ്രവർത്തനങ്ങളാലോ ആരും അവസാനവിധിയിൽ വിജയശ്രീലാളിതരാകില്ല. ഒറ്റനോട്ടത്തിൽ ഈശോയോടു ചേർന്നുനില്ക്കുന്നവരാണ് പുറന്തള്ളപ്പെടുന്നത്-അവിടുത്തെ നാമത്തിൽ പ്രവചിക്കുകയും രോഗശാന്തിനല്കുകയും ബാധഒഴിപ്പിക്കുകയും ഒക്കെ ചെയ്തിട്ടുള്ളവർ. അവരെ അറിയില്ലെന്നും അവർ അനീതി പ്രവർത്തിക്കുന്നവരും അതിനാൽ തന്നെ അകന്നുപോകേണ്ടവരുമാണെന്നും അവിടുന്നു യുഗാന്തത്തിൽ വ്യക്തമാക്കും. അവിടുത്തെ ശ്രവിച്ചിട്ട് അതിൽനിന്നു വ്യത്യസ്തമായി പ്രവർത്തിക്കുക എന്നാൽ അവിടുത്തെ മാർഗ്ഗംവിട്ട് അനീതിയുടെ മാർഗ്ഗത്തിൽ ചരിക്കയാണ്. വിരുദ്ധജീവിതശൈലികളിൽനിന്ന് വിവേകത്തിന്റെ പാത തിരഞ്ഞെടുക്കുവാൻ പ്രചോദിപ്പിക്കുന്ന വചനഭാഗങ്ങൾ വി. മത്തായിയുടെ പ്രത്യേകതയാണല്ലോ. ഉദാഹരണമായി, പത്തു കന്യകമാരിൽ അഞ്ചുപേർ വിവേകമതികളും അഞ്ചുപേർ വിവേകശൂന്യരും (25:1-13). സുവിശേഷകന്റെ ദർശനം ക്രൈസ്തവ അലംഭാവത്തിനും രക്ഷയെ സംബന്ധിച്ച അന്ധമായ ഉറപ്പിനുമെതിരേയുള്ള ശക്തമായ താക്കീതാണ്.

വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തം ഈശോയ്ക്കു നിർബന്ധമായിരുന്നു; ഈ പൊരുത്തം പിതാവിന്റെ ഇഷ്ടം നിറവേറ്റുവാനുള്ള പരിശ്രമത്തിൽ നിന്നുരുത്തിരി യുന്നതാണ്. മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുവാൻ രണ്ടു മക്കളോടും ആവശ്യപ്പെടുന്ന പിതാവിന്റെ ഹിതം നിറവേറ്റിയത് രണ്ടാമനാണെന്നു സ്ഥാപിക്കുന്നതിലൂടെ (മത്താ. 21: 28-31) ഈശോ ഈ സത്യത്തിന് ഒരു പടികൂടി കടന്ന് അടിവരയിടുന്നുണ്ട്. 'കർത്താവേ, കർത്താവേ' എന്ന തുടർവിളികളല്ലാതെ അവിടുത്തെ ഹിതം അനുസരിച്ചു പ്രവർത്തിക്കുന്നതിൽ വേണ്ടത്ര

താത്പര്യമില്ലാത്തവർക്കുള്ള മുന്നറിയിപ്പാണ് ഇന്നത്തെ സുവിശേഷത്തിൽ ഈശോ നല്കുക. കർമ്മം ചെയ്യുന്നവനാണല്ലോ കർത്താവ്. അവിടുത്തെ വാക്കനുസരിച്ചു നാം പ്രവർത്തിക്കുമ്പോൾ അവിടുന്നു തന്നെയാണു പ്രവർത്തിക്കുന്നത്. അവിടുന്ന് അങ്ങനെ നമുക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ നമ്മുടെ പ്രവൃത്തികളുടെയും നമ്മുടെ തന്നെയും കർത്താവാകും അവിടുന്ന്. അവിടുത്തേക്കവസരം നല്കാതെ തന്നിഷ്ടം പൊന്നിഷ്ടമായി കണ്ടു പ്രവർത്തിക്കുന്നവൻ കർത്തൃത്വം സ്വയം ഏറ്റെടുക്കുകയും സ്വന്തം ജീവിതത്തിൽ അവിടുത്തേക്കതു നിഷേധിക്കുകകയും ചെയ്യുന്നു. ഉടയവനു കർത്തൃത്വം നിഷേധിക്കുന്നവൻ കടുത്ത അനീതിയാണു പ്രവർത്തിക്കുന്നത്. അവിടുന്ന് കർത്താ വായുള്ളിടത്ത് ഇങ്ങനെയുള്ളവർക്കു പ്രവേശനം നിഷേധിക്കപ്പെട്ടു പുറത്തുപോവുക സ്വാഭാവികം മാത്രം. വചനം ശ്രവിച്ചവരുടെ നല്ല പ്രവർത്തനങ്ങൾ വഴി മറ്റുള്ളവർ ദൈവത്തെ മഹത്ത്വപ്പെടുത്താൻ സാധിക്കേണ്ടതായിരുന്നു. പറയുന്നതും ചെയ്യുന്നതും അഥവാ ചെയ്യാതിരിക്കുന്നതും തമ്മിലുള്ള വൈരുദ്ധ്യമാണ് 7:21 -23 ൽ കാണുന്നതെങ്കിൽ, കേൾക്കുന്നതും ചെയ്യുന്നതും തമ്മിലും കേൾക്കുന്നതും ചെയ്യാതിരിക്കുന്നതും തമ്മിലുള്ള വൈരുദ്ധ്യാത്മകസമാന്തരത്വമാണ് തുടർന്നുള്ള ഭാഗം. ഈശോയുടെ പഠനങ്ങളുടെ കാര്യക്ഷമമായ നടപ്പാക്കലിലൂടെ ജീവിതം പടുത്തുയർത്തിയാലേ നമുക്കു പുതിയ ഇസ്രായേലിൽ അംഗമാകാനാകൂ.

ശ്രവിച്ച വചനത്തിന്റെ ചൈതന്യമുൾക്കൊണ്ടു ജീവിക്കുന്നവൻ പാറമേൽ വീടുപണിത വിവേകിയായ മനുഷ്യനോടും ആ വചനത്തിനു ജീവിതത്തിൽ വിലകല്പിക്കാത്തവൻ മണൽപ്പുറത്തു വീടുപണിത ഭോഷനോടും തുലനം ചെയ്യപ്പെട്ടിരിക്കുന്നു. വി.മത്തായിക്ക് ഈശോയുടെ വാക്കനുസരിക്കുന്നത് ജീവിതത്തെ ക്കുറിച്ചുള്ള ജ്ഞാനത്തിന്റെ തെളിവാണ്. പഴയനിയമത്തിലെ വിജ്ഞാനഗ്രന്ഥങ്ങളിൽ ഭോഷനെയും വിവേകിയെയും തുലനം ചെയ്തിട്ടുണ്ട്. ‘‘ഭോഷൻ തന്റെ പിതാവിന്റെ ഉപദേശം പുച്ഛിച്ചുതള്ളുന്നു. വിവേകി ശാസനം ആദരിക്കുന്നു’’(സുഭാ.15:5).

ഈശോയുടെ വചനമാകുന്ന പാറമേൽ അധിഷ്ഠിതമായ ക്രൈസ്തവജീവിതം ഏതു വെള്ളപ്പൊക്കവും ഒഴുക്കും അതിജീവിക്കും. ഈശോ ആവശ്യപ്പെടുന്ന സ്നേഹവും നീതിയും പാലിക്കാൻ ജീവിതത്തിൽ പരാജയപ്പെട്ടാൽ നിത്യനാശമായിരിക്കും ഫലം; നിലം പൊത്തുന്ന വീടായിരിക്കും ജീവിതം. ശത്രുസ്നേഹം ശിഷ്യത്വത്തിന്റെ ബലമറിയാനുള്ള മാർഗ്ഗമാണ്.അതുൾപ്പെടെയുള്ള ദൈവവചനത്തിനു സാക്ഷ്യം വഹിക്കാൻ വിളിക്ക പ്പെടുന്നേരം നേരിടേണ്ടിവരുന്ന പ്രലോഭനങ്ങളാണ് കാറ്റും മഴയും.ശരിയായ അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ട് നമ്മുടെ വീടുകൾ അഥവാ ജീവിതങ്ങൾ പരീക്ഷണങ്ങളെ അതിജീവിക്കുവാൻ ഈശോ ആവശ്യപ്പെടുന്നത് രണ്ടു കാര്യങ്ങളാണ്. ശ്രവണമാണ് ഇതിൽ ഒന്നാമത്തേത്.

ദൈവവചനത്തിലൂടെയും സഭാപഠനങ്ങളിലൂടെയും കർത്താവു സംസാരിക്കുന്നവ കേട്ടു മനസ്സിലാക്കണം. അപരനെ കേൾക്കാതെ അവനെ മാന്യരായ ആർക്കും വധിക്കാനാവില്ല. ഈശോ കേൾക്കപ്പെടുവാനും മനസ്സിലാക്കപ്പെടുവാനും അവസരമൊരുക്കുക ക്രൈസ്തവ ജീവിതത്തിലേക്കുള്ള ആദ്യപടിയാണ്. രണ്ടാമത്തേത് വചനമുൾക്കൊണ്ടുള്ള പ്രവർത്തനമാണ്. പ്രവൃത്തിപഥത്തിലേക്കെത്തുമ്പോൾ മാത്രമാണ് അറിവിനു പ്രസക്തി. ക്രൈസ്തവധാർമ്മിക ശാസ്ത്രപരീക്ഷയിൽ റാങ്കു കിട്ടിയതിന്റെ പേരിൽ ആരും ക്രിസ്ത്യാനിയാകില്ല.നടക്കുന്ന പല വിശ്വവിജ്ഞാന കോശങ്ങളും ജീവിക്കുന്ന പരാജയങ്ങളാണ് എന്ന ചൊല്ല് ഇവിടെയും ശരിയാകാം. അറിവ് പ്രവർത്തനമായും തത്ത്വം പ്രയോഗമായും ദൈവശാസ്ത്രം ജീവിതമായും മാറണം.ശ്രവണവും പ്രവൃത്തിയും ഒരു വാക്കിൽ ഒന്നിച്ചു ചേർന്നാൽ അനുസരണമാകും. അപ്പോൾ ജീവിതത്തിന് ഉറപ്പുള്ള അടിത്തറ അനുസരണമാകും. ബലിയേക്കാൾ അനുസരണം ശ്രേഷ്ഠമാകുന്നത് എങ്ങനെയെന്ന് ഇവിടെ കൂടുതൽ വ്യക്തമാകുന്നു. ചിലപ്പോൾ അനുസരണംതന്നെ അക്ഷരാർത്ഥത്തിൽ ബലിയായും മാറും.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# കാറ്റിലും മഴയിലും വീണുപോകുന്നവർ

ഡോ.സെബാസ്റ്റ്യൻ തോണിക്കുഴി

**ഈശോയെ** അറിയാതെ പോകുന്ന കുറെ ആളുകളുണ്ട്. അവരൊക്കെത്തന്നെ അവിടുത്തോടൊപ്പമാണെന്നു തെറ്റിദ്ധരിക്കപ്പെടുന്നവരുമാണ്. ഇവരിൽ പ്രവാചകന്മാരുണ്ട്. 'കർത്താവേ, കർത്താവേ' എന്നുനിരന്തരം അവിടുത്തോട് അപേക്ഷിക്കുന്നവരുണ്ട്. ഈശോയുടെ നാമത്തിൽ കൃത്യമായി പ്രവചിക്കുന്നവരും പിശാചുക്കളെ പുറത്താക്കുന്നവരും അത്ഭുതങ്ങൾ വരെ ചെയ്യുന്നവരുമുണ്ട് (മത്താ. 7:23). ഈശോയോടൊത്തു ഭക്ഷണത്തിൽ പങ്കുചേരുന്നവരും അവന്റെ പ്രസംഗം താൽപര്യത്തോടെ കേൾക്കുന്നവരും ഉണ്ട് (ലൂക്കാ.13:25). ഇവരൊക്കെ ഈശോയുടെ കൂടെയാണെന്നു തോന്നിപ്പിക്കുമെങ്കിലും വളരെ അകലെയാണ്.ഇവരെ ദൈവം അംഗീകരിക്കുകയോ ഇവരിൽ പ്രസാദിക്കുകയോ ചെയ്യുന്നില്ല. പകരം 'നിങ്ങൾ എന്നിൽ നിന്ന് അകന്നുപോകുവിൻ' (മത്താ. 7:23) എന്നാണ് ഈശോ പറയുന്നത്. ഇവരുടെ സഹിത്വം അവിടുന്ന് ഇഷ്ടപ്പെടുന്നില്ല. അതിനുള്ള കാരണങ്ങളും കൃത്യമായി പറയുന്നുണ്ട്.

1. കൂടെനിന്നു വലിയ കാര്യങ്ങൾ ചെയ്യുന്ന പലരും അധർമ്മം പ്രവർത്തിക്കുന്ന വരാണ്.'തിന്മ പ്രവർത്തിക്കുന്നവർ'എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദത്തിന്റെ

(anomia) കൃത്യമായ അർത്ഥം ‘നിയമം ഇല്ലാത്തവർ’ എന്നാണ്. ദൈവത്തിന് ഒരു നിയമമേ ഉള്ളൂ. അതു സ്നേഹമാണ്. സ്നേഹമില്ലാത്തവർക്കു സത്താപരമായി ദൈവത്തോടു ചേർന്നു നില്ക്കാനാവില്ല. തന്റെ നാമത്തിൽ വലിയ കാര്യങ്ങൾ ചെയ്യുന്നവരെക്കാൾ സ്നേഹമുള്ളവരെയാണ് ഈശോ അംഗീകരിക്കുന്നത്. പരസ്നേഹമില്ലാതെ പ്രവചിക്കുന്നവരെയും പിശാചുക്കളെ പുറത്താക്കുന്നവരെയും അത്ഭുതങ്ങൾ ചെയ്യുന്നവരെയും ഈശോ കണ്ടില്ലെന്നു കരുതുന്നു. അനുകമ്പയില്ലാതെ കൂടെ ഭക്ഷിക്കുന്നവരെയും പ്രസംഗം കേൾക്കുന്നവരെയും അവിടുന്നു നിരുത്സാഹപ്പെടുത്തുന്നു. അന്ത്യവിധിയിലും സ്വീകാര്യതയുടെ മാനദണ്ഡം വ്യത്യസ്തമല്ല. അത്ഭുതം ചെയ്തോ, പിശാചുക്കളോ ഓടിച്ചോ, വരാൻ പോകുന്ന കാര്യങ്ങൾ പറഞ്ഞോ, എന്നല്ല ദൈവം പരിശോധിക്കുന്നത്. പകരം, വിശക്കുന്നവർക്കു ഭക്ഷണവും ദാഹിച്ചവർക്കു വെള്ളവും നല്കിയോ എന്നാണ്. സ്നേഹിച്ചവർക്കൊക്കെ ദൈവത്തിന്റെ അടുക്കലേക്കു കയറാൻ പറ്റുന്നു. സ്നേഹമുള്ളവരെയാണ് ഈശോ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നത്.

2. കൂടെ നില്ക്കുന്ന പലരെയും ഈശോ ഒഴിവാക്കാനുള്ള രണ്ടാമത്തെ കാരണം കപടതയാണ്. ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകന്മാരുണ്ട്. അവർ പുറമേ സൗമ്യരാണെങ്കിലും അവരുടെ ഉള്ള് ചെന്നായ്ക്കളുടേതാണ്. ചെന്നായുടെ മനസ്സും കുഞ്ഞാടിന്റെ വേഷവുമായി നടക്കുന്നവരുണ്ട്. അത്തിമരമെന്നു സ്വയം കരുതുന്ന ഞെരിഞ്ഞിലുകളും മുന്തിരിച്ചെടിയെന്നു കരുതുന്ന മുൾച്ചെടികളുമാണ് അവർ. ഇവരെ ഒറ്റ നോട്ടത്തിൽ തിരിച്ചറിയാൻ കഴിഞ്ഞെന്നു വരില്ല. ഫലങ്ങളിൽനിന്നു വേണം ഇവരെ തിരിച്ചറിയേണ്ടത്. എന്നും പള്ളിയിൽ വരികയും ധാരാളം പ്രാർത്ഥിക്കുകയും ചെയ്യുന്ന എത്രയോ പേർ ഇന്നും മറ്റുള്ളവർക്കിട്ടു പാര വയ്ക്കുകയും അധർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവരെയും ഈശോ അംഗീകരിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ദൈവത്തിനു സ്വീകാര്യമായ ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള കാലമാണു നോമ്പ്. വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയൊക്കെ ജഡത്തിന്റെ വ്യാപാരങ്ങളാണ്. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല (ഗലാ.5:21). എന്നാൽ ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല. ഇത്തരം ഫലങ്ങൾ പുറപ്പെടുവിക്കുന്നവരെയാണു ദൈവം സ്വീകരിക്കുന്നത്. അതിനുതകുന്ന ഹൃദയം രൂപപ്പെടുത്തുകയാണു വേണ്ടത്.

3. ദൈവഹിതം അറിഞ്ഞിട്ടും അതനുസരിച്ചു ജീവിക്കാത്തവരെയും ഈശോ തള്ളിപ്പറയുന്നു. ചിലയാളുകൾ തിരുവചനത്തിന്റെ വെറും കേൾവിക്കാർ മാത്രമാണ്. അവർ

ദൈവേഷ്ടത്തെ തങ്ങളുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനമാക്കുന്നില്ല. അവർക്കു ക്രൈസ്തവജീവിതത്തിൽ വിജയിക്കാനാവില്ല. കാറ്റിലും മഴയിലും വെള്ളപ്പൊക്കത്തിലും തകർന്നുപോകുന്ന വീടുപോലെ ഇത്തരം ആളുകൾ പ്രതികൂലങ്ങളിൽ പെട്ട് ഉലയുകയും തന്നിഷ്ടത്തിന്റെ മഴയിൽ അലിയുകയും സ്വാർത്ഥമോഹത്തിന്റെ വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോകുകയും ചെയ്യും. എന്നാൽ ദൈവഹിതം അനുസരിച്ചു ജീവിക്കുന്നവർക്ക് ഏതു പ്രതികൂലത്തിലും പിടിച്ചുനിന്നു വിജയിക്കാനാവും. അവർ പാറമേൽ പണിത വീടുകളാണ്. പാറപോലെ ജീവിതത്തിന് ഉറപ്പു നല്കുന്നത് തിരുഹിതം അനുസരിച്ചു ജീവിക്കാനുള്ള സന്നദ്ധതയാണ്. ഇങ്ങനെ ജീവിച്ചവരാണ് വിശുദ്ധന്മാർ. അവർ കൊടുങ്കാറ്റിനെയും വെള്ളപ്പൊക്കത്തെയും അതിജീവിച്ചവരാണ്. എന്നാൽ സ്വന്തം താൽപര്യം നോക്കി പ്രശസ്തിക്കും, സ്വാർത്ഥപരമായ നേട്ടങ്ങൾക്കുംവേണ്ടി ജീവിച്ചവരൊക്കെ വീണുപോവുകയും ചെയ്തു. ജീവിതസമരത്തിൽ ഇപ്രകാരം വീണുപോകുന്ന ഭോഷന്മാരാകാതിരിക്കാൻ ഈ നോമ്പുകാലത്ത് പ്രത്യേകം ശ്രദ്ധിക്കാം.